## കേരള സർക്കാർ ജലവിഭവ വകുപ്പ്
## ദർഘാസ് പരസ്യം

നമ്പർ: 02/എഇഇ/എഐഎസ്ഡി/2017-2018 തീയതി: 26.03.2018

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കു വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഡീഷണൽ ഇറിഗേഷൻ സബ് ഡിവിഷൻ, തൃശ്ശൂർ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള സർക്കാർ അംഗീകൃത കരാറുകാരിൽ നിന്നും 12.04.2018 വൈകുന്നേരം 3.00 മണി വരെ മൽസര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവെച്ച കവറുകളിൽ തപാലിൽ റജിസ്ട്രേഡ്/സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകാവുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. കൊറിയർ സർവ്വീസിലൂടെയും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം വൈകുന്നേരം 4മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ നിശ്ചിത സമയത്തിനകം ലഭിച്ച ദർഘാസ് കവറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്. ദർഘാസുകൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം കരാറുകാർ നിർബന്ധമായും അവരുടെ ഒറിജിനൽ രജിസ്ട്രേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറച്ച് ക്വോട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് നിർബന്ധമായും പെർഫോമൻസ് ഗ്യാരന്റി പുതിയ പി.ഡബ്ളിയു.ഡി. മാനുവൽ അനുശാസിക്കുന്ന വിധം വെയ്ക്കേണ്ടതാണ്.

തുടരുന്നു.2

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | കരാറുകാരന്റെ ക്ലാസ് | പ്രവൃത്തി തീർക്കേണ്ട കാലാവധി | ദർഘാസ് പ്രമാണത്തിന്റെ വില |
|---|---|---|---|---|---|---|---|
| 1 | 02/ എഇഇ/ എ.ഐ എസ്ഡി 2017-2018 | പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 21ാം വാർഡിൽ ആൽപ്പാറ ചോരക്കടവിൽ മണലിപ്പുഴയ്ക്കു കുറുകെ നിർമ്മിക്കുന്ന തടയണയുടെ പര്യവേക്ഷണ പ്രവൃത്തികൾ | 220000/ | 5500/ | ഡി ക്ലാസ്സും, അതിനു മുകളിലും. | 3 മാസം | 500/+ ജി.എസ്.ടി. |

ദർഘാസ് വിൽക്കുന്ന തീയതി : 09.04.2018 കാലത്ത് 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ

ദർഘാസ് സ്വീകരിക്കുന്ന തീയതി : 12.04.2018 ഉച്ച തിരിഞ്ഞ് 3 മണിവരെ

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദവിവരങ്ങളും നിശ്ചിത തുക 0701-80-110-99- Revenue other receipts എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിലടച്ച് രേഖാമൂലം അപേക്ഷിച്ചാൽ താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകൾക്കൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും അദ്ദേഹത്തിന് ഏത് സമയത്തും മാറത്തക്ക രീതിയിൽ അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം.

തുടരുന്നു.3

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. 1989ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമ ഗ്രന്ഥത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തികളുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാനും ബാദ്ധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത് വകുപ്പിലേയും ജലവിഭവ വകുപ്പിലേയും ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽനിന്നും പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

കരാറുകാരുടെ യോഗ്യത ' ഡി ' ക്ലാസ്സും അതിനു മുകളിലും

അഡീഷണൽ ഇറിഗേഷൻ സബ് ഡിവിഷൻ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
തൃശ്ശൂർ : 680 020.
തിയ്യതി: 26.03.2018

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള ഗവർണ്ണർക്കുവേണ്ടി